ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 12.03.2024**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഹമ്മദാബാദിൽ 85,000 കോടി രൂപയുടെ വിവിധ റെയിൽവേ പദ്ധതികളുടെ ശിലാസ്ഥാപനവും സമർപ്പണവും നിർവ്വഹിച്ചു.

2. കൊല്ലം തിരുപ്പതി ദ്വൈവാര എക്സ്പ്രസ് ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഓൺലൈനായി ഉദ്ഘാടനം ചെയ്യും. വന്ദേഭാരത് എക്സ്പ്രസിന്റെ മംഗളൂരു യാത്രയ്ക്കും പച്ചക്കൊടി.

3. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇന്നലെ വിജ്ഞാപനം പുറപ്പെടുവിച്ച പൗരത്വ നിയമ ഭേദഗതി അനുസരിച്ച് പൗരത്വത്തിന് അപേക്ഷിക്കാൻ വെബ് സൈറ്റ് സജ്ജമായി.

4. വയോജനങ്ങൾക്കു വേണ്ട എല്ലാ പിന്തുണയും സംരക്ഷണവും നൽകുക എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റാൻ സാമൂഹ്യ നീതി വകുപ്പ് പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി ആർ ബിന്ദു.

5. 2024-25 അധ്യയന വർഷത്തെ പാഠപുസ്തക വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരത്ത് നിർവഹിച്ചു.

6. മീനമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട നാളെ തുറക്കും. 10 ദിവസം നീണ്ടുനിൽക്കുന്ന പൈങ്കുനി ഉത്രം മഹോത്സവത്തിന് ശനിയാഴ്ച കൊടിയേറും.

*****************************************

RNUTVPM

## ഹെഡ് ലൈൻ - 1

### പ്രധാനമന്ത്രി – ഗുജറാത്ത്

ഒരു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്തിലെത്തി. അഹമ്മദാബാദിൽ 85,000 കോടി രൂപയുടെ വിവിധ റെയിൽവേ പദ്ധതികളുടെ ശിലാസ്ഥാപനവും സമർപ്പണവും പ്രധാനമന്ത്രി നിർവ്വഹിച്ചു. അഹമ്മദാബാദ്-മുംബൈ സെൻട്രൽ, സെക്കന്തരാബാദ്-വിശാഖപട്ടണം, മൈസൂരു- ചെന്നൈ, പട്ന- ലഖ്നൗ, ന്യൂ ജൽപായ്ഗുഡി-പട്ന, പുരി-വിശാഖപട്ടണം, ലഖ്നൗ-ഡെറാഡൂൺ, കലബുറഗി-ബെംഗളൂരു തുടങ്ങി പത്ത് പുതിയ വന്ദേഭാരത് ട്രെയിനുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.

****************************************

## ഹെഡ് ലൈൻ - 2

### പ്രധാനമന്ത്രി – കൊല്ലം റെയിൽവേ

കൊല്ലം തിരുപ്പതി ദ്വൈവാര എക്സ്പ്രസ് ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഓൺലൈനായി ഉദ്ഘാടനം ചെയ്തു. കൊല്ലം സ്റ്റേഷനിൽ നിന്ന് രാവിലെ 9:40 ന് ട്രെയിൻ പുറപ്പെട്ടു. ജനപ്രതിനിധികളും, പൗരാവലിയും കന്നിയാത്രയ്ക്ക് സാക്ഷിയായി. പ്രധാന തീർത്ഥാടന കേന്ദ്രമായ തിരുപ്പതിയിലേക്ക് വസ്ത്രവ്യവസായത്തിന് ഖ്യാതി നേടിയ തിരുപ്പൂർ തുടങ്ങി പ്രധാന നഗരങ്ങളിലൂടെ കടന്നുപോകുന്ന ട്രെയിൻ വിവിധമേഖലയിലുള്ള യാത്രക്കാർക്ക് പ്രയോജനപ്പെടും. വൺ സ്റ്റേഷൻ വൺപ്രൊഡക്ട് സ്റ്റാൾ ശിലാഫലകം എൻ. കെ. പ്രേമചന്ദ്രൻ എം.പി. അനാച്ഛാദനം ചെയ്തു. കൊല്ലം റെയിൽവേ സ്റ്റേഷനിൽ സംഘടിപ്പിച്ച ചടങ്ങിൽ എം. പി. മാരായ എൻ.കെ. പ്രേമചന്ദ്രൻ, കൊടിക്കുന്നിൽ സുരേഷ് തുടങ്ങിയവർ പ്രസംഗിച്ചു. ട്രെയിൻ ഈ മാസം 15 മുതൽ സ്ഥിരം സർവീസ് ആരംഭിക്കും. വന്ദേഭാരത്

PNU TVPM

എക്സ്പ്രസിന്റെ മംഗളുരു യാത്രയ്ക്കും പ്രധാനമന്ത്രി പച്ചക്കൊടി വീശി.

***************************************

**ഒരു സ്റ്റേഷൻ ഒരു ഉത്പന്നം**

ഒരു സ്റ്റേഷൻ ഒരു ഉത്പന്നം പദ്ധതിയുടെ കണ്ണൂർ, തലശ്ശേരി, പയ്യന്നൂർ റെയിൽവേ സ്റ്റേഷനുകളിൽ ആരംഭിച്ച സ്റ്റാളുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി വീഡിയോ കോൺഫറൻസിംഗിലൂടെ നിർവഹിച്ചു. കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ രണ്ട് സ്റ്റാളുകളും തലശ്ശേരി, പയ്യന്നൂർ സ്റ്റേഷനുകളിൽ ഓരോ സ്റ്റാളുകളുമാണ് ഉദ്ഘാടനം ചെയ്തത്. കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മുഖ്യാതിഥിയായി.

RNU TVPM

***************************************

## ഹെഡ് ലൈൻ - 3

**പൗരത്വ നിയമ ഭേദഗതി**

കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇന്നലെ വിജ്ഞാപനം പുറപ്പെടുവിച്ച പൗരത്വ നിയമ ഭേദഗതി അനുസരിച്ച് പൗരത്വത്തിന് അപേക്ഷിക്കാൻ വെബ് സൈറ്റ് സജ്ജമായി. indiancitizenshiponline.nic.in വെബ്സൈറ്റിലാണ് പൗരത്വത്തിന് അപേക്ഷിക്കേണ്ടത്. അപേക്ഷകർക്ക് മൊബൈൽ നമ്പറും ഇമെയിലും നിർബന്ധമാണ്. ഇന്ത്യയിലുള്ളവർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ കോപ്പി ജില്ലാ കളക്ടർക്ക് സമർപ്പിക്കണം. ഇന്ത്യക്ക് പുറത്തുള്ളവർ ഇന്ത്യൻ കോൺസുലർ ജനറലിന് അപേക്ഷ സമർപ്പിക്കണം.

***************************************

**ഇലക്ടറൽ ബോണ്ട്**

ഇലക്ടറൽ ബോണ്ട് കേസിൽ വിശദാംശങ്ങൾ സമർപ്പിക്കാൻ എസ്ബിഐക്ക് സുപ്രീം കോടതി നൽകിയ സമയപരിധി ഇന്ന് വൈകുന്നേരം അവസാനിക്കും. സമയപരിധി നീട്ടണമെന്ന് ആവശ്യപ്പെട്ട് ബാങ്ക് നൽകിയ അപേക്ഷ സുപ്രീം കോടതി ഭരണഘടന ബെഞ്ച് ഇന്നലെ തള്ളിക്കൊണ്ടാണ് രേഖകൾ സമർപ്പിക്കാൻ കർശന നിർദ്ദേശം നൽകിയത്. ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഢ് അധ്യക്ഷനായ അഞ്ചംഗ ബഞ്ചാണ് കേസ് പരിഗണിച്ചത്.

****************************************

**പ്രധാനമന്ത്രി – കേരളം**

ലോക് സഭ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 15-നും 19-നും കേരളത്തിൽ സന്ദർശനം നടത്തുമെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. എൻഡിഎയുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് 15-ന് പത്തനംതിട്ടയിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും. 19-ന് പാലക്കാട് നടക്കുന്ന റോഡ്ഷോയിലും അദ്ദേഹം പങ്കെടുക്കും.

****************************************

**ഇടുക്കി – (ഇൻട്രോ)**

2024-ലെ ലോക് സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ഇടുക്കി, തേനി ജില്ലകളിലെ കളക്ടർമാരുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം തേക്കടിയിൽ ചേർന്നു. തിരഞ്ഞെടുപ്പ് സുഗമമായി നടത്താനുള്ള നിരവധി തീരുമാനങ്ങൾ യോഗത്തിൽ കൈക്കൊണ്ടു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..**

RNU TVPM

(വോയിസ്.........)

****************************************

## ഹെഡ് ലൈൻ - 4

**സാന്ത്വനതീരം- ആർ ബിന്ദു, ആലപ്പുഴ**

വയോജനങ്ങൾക്കു വേണ്ട എല്ലാ പിന്തുണയും സംരക്ഷണവും നൽകുക എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റാൻ സാമൂഹ്യ നീതി വകുപ്പ് പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി ആർ ബിന്ദു.

അടിയന്തിര സന്ദർഭങ്ങളിൽ ആരോഗ്യ സഹായം ഉൾപ്പെടെ എത്തിക്കാൻ സാമൂഹ്യ നീതി ഓഫീസർക്ക് ചുമതലയുണ്ടെന്നും മന്ത്രി പറഞ്ഞു. ആലപ്പുഴയിൽ കിടപ്പുരോഗികളായ വയോജനങ്ങൾക്കായുള്ള സംരക്ഷണകേന്ദ്രം "സാന്ത്വനതീരം" ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 27 റവന്യൂ ഡിവിഷനിലും മെയിൻറനൻസ് ട്രിബ്യൂണൽ പ്രവർത്തിക്കുന്നുണ്ടെന്നും ശ്രീമതി ബിന്ദു പറഞ്ഞു.

****************************************

**ആർ ബിന്ദു – കാസർകോട്**

സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലാ ഓഫീസ് മന്ത്രി ആർ ബിന്ദു ഇന്ന് നാടിന് സമർപ്പിക്കും. ഉച്ചക്ക് രണ്ട് മണിയ്ക്ക് ഓൺലൈനിലൂടെയാണ് ഉദ്ഘാടനം. സഹായ ഉപകരണങ്ങൾ ഉൾപ്പെടെ ലഭിക്കാൻ വടക്കൻ ജില്ലയിലെ ഭിന്നശേഷിക്കാർക്ക് നിലവിൽ കോഴിക്കോടുള്ള റീജിയണൽ ഓഫീസും വിദ്യാഭ്യാസം/സ്വയം തൊഴിൽ/ വാഹന/ഭവന വായ്പകൾ, ഇൻറർവ്യൂ, മറ്റ് ആവശ്യങ്ങൾ തുടങ്ങിയവയ്ക്കായി തിരുവനന്തപുരം കേന്ദ്രവുമാണ് ആശ്രയം. ഈ പരിമിതിക്കാണ് കാസർഗോഡ് ജില്ലാ ഓഫീസ് ആരംഭിക്കുന്നതോടെ പരിഹാരമാവുക. ഇനിമുതൽ വായ്പാ നടപടിക്രമങ്ങൾ പൂർണ്ണമായും ജില്ലാ ഓഫീസ് മുഖേന സാധ്യമാകും.

RNU TVPM

****************************************

## ഹെഡ് ലൈൻ - 5

**വി ശിവൻകുട്ടി – പാഠപുസ്തക വിതരണം**

പാഠ്യ പദ്ധതി പരിഷ്കരണം സാമൂഹ്യ അസമത്വങ്ങൾ ഇല്ലാതാക്കാൻ ലക്ഷ്യമിട്ടുള്ളതാണെന്ന് മന്ത്രി വി ശിവൻകുട്ടി. 2024-25 അധ്യയനവർഷത്തെ പാഠപുസ്തക വിതരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പുതിയ നിർദേശങ്ങൾ അറിവിന്റെയും ജോലിയുടെയും പരസ്പരം ബന്ധത്തിനു ഊന്നൽ നൽകുന്നു. സൃഷ്ടിപരമായ വിമർശനങ്ങളെ അംഗീകരിച്ചുകൊണ്ട് തുടർച്ചയായ പുരോഗതി ഉറപ്പിക്കാൻ യാത്ര തുടരുകയാണ് എന്നും മന്ത്രി പറഞ്ഞു.

****************************************

**തൃശൂർ - (ഇൻട്രോ)**

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ മുഖച്ഛായ മാറ്റുന്ന 606 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ആരോഗ്യമന്ത്രി വീണാ ജോർജ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്....**

**(വോയിസ്..........)**

****************************************

**ശബരി കെ റൈസ്**

ശബരി കെ റൈസ് ബ്രാൻഡിൽ സപ്ലൈകോ വിതരണം ചെയ്യുന്ന അരിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നാളെ നിർവഹിക്കും. ശബരി കെ ബ്രാൻഡിൽ ജയ അരി 29 രൂപ നിരക്കിലും കുറുവ, മട്ട അരി 30 രൂപ നിരക്കിലും ആണ്

PNU TVPM

വിതരണം ചെയ്യുക. ഒരു റേഷൻ കാർഡ് ഉടമയ്ക്ക് അഞ്ച് കിലോഗ്രാം അരി ലഭിക്കും. തിരുവനന്തപുരം മേഖലയിൽ ജയ അരിയും, കോട്ടയം - എറണാകുളം മേഖലകളിൽ മട്ട അരിയും, കോഴിക്കോട് മേഖലയിൽ കുറുവ അരിയും ആണ് വിതരണം ചെയ്യുക.

****************************************

**ഹെഡ് ലൈൻ - 6**

**ശബരിമല**

അഞ്ച് ദിവസത്തെ മീനമാസ പൂജകൾക്കും 10 ദിവസത്തെ ഉത്സവത്തിനുമായി ശബരിമല ക്ഷേത്രനട നാളെ തുറക്കും. വൈകിട്ട് അഞ്ചിന് തന്ത്രി കണ്ഠരര് മഹേശ്വര് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി പി.എൻ മഹേഷ് നമ്പൂതിരി നട തുറന്ന് ദീപം തെളിയിക്കും. മീനം ഒന്നായ 14-ന് പുലർച്ചെ നാലിന് നട തുറക്കും. 16-നാണ് കൊടിയേറ്റ്.

****************************************

**റംസാൻ - (ഇൻട്രോ)**

മാസപ്പിറവി കണ്ടതോടെ ഇസ്ലാം മതവിശ്വാസികൾക്ക് ഇനി വ്രതശുദ്ധിയുടെ പുണ്യകാലം. ഇന്ന് റംസാൻ ഒന്നായിരിക്കുമെന്ന് ഖാസിമാർ അറിയിച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദി വിശ്വാസികൾക്ക് റംസാൻ ആശംസകൾ നേർന്നു. ഈ പുണ്യമാസം എല്ലാവരുടെയും ജീവിതത്തിൽ സന്തോഷവും ആരോഗ്യവും സമൃദ്ധിയും കൊണ്ടുവരട്ടെയെന്ന് സന്ദേശത്തിൽ പ്രധാനമന്ത്രി പറഞ്ഞു.

**കോഴിക്കോട് നിന്നും ആകാശവാണി പ്രതിനിധി**
**നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്...**
**(വോയിസ്..........)**

****************************************

PNU TVPM

**ഐ.എസ്.എൽ**

ISL ഫുട്ബോളിൽ പഞ്ചാബ് FC, ഗോവ മത്സരം സമനിലയിൽ. ഇരു ടീമുകളും മൂന്ന് ഗോളുകൾ വീതം നേടി.

****************************************

**വനിതാ പ്രീമിയർ ലീഗ്**

വനിത പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സിനെ നേരിടും.
വൈകിട്ട് 7.30-ന് ഡൽഹിയിലാണ് മത്സരം.

****************************************

**പാലക്കാട് മെഡിക്കൽ കോളേജ്**

പാലക്കാട് മെഡിക്കൽ കോളേജിൽ ഇന്ന് മുതൽ കിടത്തി ചികിത്സ ആരംഭിക്കും. ഐ.പി വിഭാഗം ആദ്യഘട്ടം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ കെ.രാധാകൃഷ്ണൻ, വീണാ ജോർജ്ജ്, കെ.കൃഷ്ണൻ കുട്ടി, എം.ബി.രാജേഷ് എന്നിവർ പങ്കെടുക്കും.

RNU TVPM

****************************************

**കേരള സർവകലാശാല യുവജനോത്സവം**

കേരള സർവകലാശാല യുവജനോത്സവം നിർത്തിവച്ചു. ആദ്യദിനം മുതൽ ആരംഭിച്ച സംഘർഷങ്ങളും പരാതികളുമാണ് യുവജനോത്സവം നിർത്തിവയ്ക്കാൻ കാരണമായത്. സംഘർഷ സാധ്യത കണക്കിലെടുത്താണ് മത്സരങ്ങൾ പൂർത്തിയാകും മുൻപ് വിസിയുടെ നിർദ്ദേശപ്രകാരം ഉത്തരവിറക്കി കലോത്സവം അവസാനിപ്പിച്ചത്.

****************************************

**വിദ്യാർഥി പാലത്തിൽ നിന്ന് വീണ് മരിച്ചു**

തലശ്ശേരി -മാഹി ബൈപ്പാസിലെ പാലത്തിന് മുകളിൽനിന്ന് വീണ് വിദ്യാർഥി മരിച്ചു. തോട്ടുമ്മൽ സഹകരണ ബാങ്കിന് സമീപം ജന്നത്ത് വീട്ടിൽ മുഹമ്മദ് നിദാൽ ആണ് മരിച്ചത്. തലശ്ശേരി സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് ടു വിദ്യാർഥിയാണ്.

****************************************

****************************************

******************

RNU TVPM